**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 89

28.07.2011-ൽ മറുപടിയ്ക്ക്

## ശബരിമല തീർത്ഥാടകരുടെ സൗകര്യങ്ങൾ

ചോദ്യം

ശ്രീ. പാലോട് രവി

ശ്രീ. സി.പി. മുഹമ്മദ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എം.പി. വിൻസെൻറ്

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ

ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി.

(എ) ശബരിമലയിൽ തീർത്ഥാടകർക്കുവേണ്ടി എന്തെല്ലാം സൗകര്യങ്ങളാണ് പുതുതായി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(എ) 1187-ാം ആണ്ടത്തെ (2011-2012) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് വാർഷിക അറ്റകുറ്റപ്പണികൾക്ക് പുറമേ താഴെപ്പറയുന്ന പ്രവർത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

1) സന്നിധാനത്തിലെ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ, പിൽഗ്രിം സെൻററുകൾ തുടങ്ങിയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ.
2) നിലയ്ക്കലിൽ പാർക്കിംഗ് ഗ്രൗണ്ടിൻെറയും അപ്രോച്ച് റോഡിൻെറയും പണികൾ.
3) ദർശനം കഴിഞ്ഞ് മടങ്ങിവരുന്ന തീർത്ഥാടകരുടെ സൗകര്യത്തിനായി മാളികപ്പുറത്തിനു പടിഞ്ഞാറു ഭാഗത്തുള്ള പോലീസ് ബാരക്കിനു സമീപത്തു നിന്നും ചന്ദ്രാനന്ദൻ റോഡുവരെ കരസേനയുടെ സഹായത്തോടെ ബെയ്‌ലി ബ്രിഡ്ജും അപ്രോച്ച് റോഡും.
4) മരക്കൂട്ടം ഭാഗത്ത് 'ക്യൂ' കോംപ്ലക്സ്.
5) മരക്കൂട്ടത്തിനും ശരംകുത്തിക്കും ഇടയിലായി 'ക്യൂ' കോംപ്ലക്സ്
6) പമ്പയിൽ പുതുതായി ഒരു എമർജൻസി റോഡ്.
7) പമ്പാ-മരക്കൂട്ടം പാതയിൽ നിലവിലുള്ള പന്തലുകൾക്കു പുറമേ പുതിയതായി നാലു പന്തലുകൾ.
8) നിലയ്ക്കലിൽ ഒരു മെസ്സ്-കം-അക്കോമഡേഷൻ ബ്ലോക്ക്

9) നിലയ്ക്കലിൽ നിലവിലുള്ള രണ്ട് അക്കോമഡേഷൻ ബ്ലോക്കിനു മുകളിൽ പുതയതായി ഒരു നിലയുടെ നിർമ്മാണം

10) നിലയ്ക്കലിൽ കുഴൽക്കിണർ.

11) ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ.

12) പമ്പ ബസ് സ്റ്റേഷനിൽ 61.63 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തികൾ.

| | | |
|---|---|---|
| ...) സന്നിധാനത്തും പരിസരങ്ങളിലും എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (ബി) | അലോപ്പതി, ആയുർവേദ, ഹോമിയോ സർക്കാർ ഡിസ്പെൻസറികൾ മുഖേന തീർത്ഥാടകർക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ, കരിമല, പന്തളം, കാളകെട്ടി, അഴുത, എരുമേലി തുടങ്ങിയ സ്ഥലങ്ങളിൽ താൽക്കാലിക ഡിസ്പെൻസറികളും, മൊബൈൽ ഡിസ്പെൻസറികളും ഏർപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു മൊബൈൽ കാർഡിയോളജി യൂണിറ്റ്, മരുന്നുകൾ സൂക്ഷിക്കുന്നതിനായി ഡ്രഗ് സ്റ്റോറേജ് റൂം എന്നിവയും പ്രൈവറ്റ് മേഖലയിൽ നിന്നും സഹാസ് കാർഡിയോളജി സെൻറർ, എൻ.എസ്.എസ്. ഹോസ്പിറ്റൽ, അഖില ഭാരത അയ്യപ്പാ സേവാ സംഘം ഫസ്റ്റ് എയ്ഡ് സെൻറർ എന്നിവയും, അപ്പാച്ചിമേട്, നീലിമല എന്നിവിടങ്ങളിൽ കാർഡിയോളജി സെൻററുകളും പമ്പയിൽ അമൃത ഹോസ്പിറ്റൽ, അപ്പോളോ ഹോസ്പിറ്റൽ എന്നിവരുടെ ഫസ്റ്റ് എയിഡ് സെൻററുകളും പ്രവർത്തിച്ചു വരുന്നു. ഹൃദയാഘാതം മൂലമുള്ള മരണം, എച്ച്1-എൻ1 പനി തുടങ്ങിയവ പ്രതിരോധിക്കുന്നതിന് 6 ഭാഷകളിൽ ആരോഗ്യവിവരങ്ങളടങ്ങിയ ബോർഡും ബാനറും പ്രദർശിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| കേന്ദ്ര സർക്കാരും അയൽ സംസ്ഥാനങ്ങളും തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ചെയ്യുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത്; | (സി) | കരസേനയുടെ സഹായത്താൽ മാളികപ്പുറത്തു നിന്നും ചന്ദ്രാനന്ദൻ റോഡ് വരെ ബെയ്‌ലി ബ്രിഡ്ജിൻെറ നിർമ്മാണം നടന്നുവരുന്നു. കൂടാതെ അയൽ സംസ്ഥാനത്തിലെ തീർത്ഥാടകർക്ക് ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ദേവസ്വം മന്ത്രിമാരുടെ ഒരു ആലോചനാ യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ശബരിമലയെ മാലിന്യമുക്ത മാക്കുവാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാ ക്കുമോ? | (ഡി) | ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ശബരി മലയിൽ മൂന്നും, പമ്പയിൽ മൂന്നും, നിലയ്ക്കലിൽ രണ്ടും ഡീസൽ കൊണ്ട് പ്രവർത്തിക്കുന്ന ഇൻസിന റേറ്റുകളും, ദ്രവ മാലിന്യങ്ങൾ ചെറിയാനവട്ട ത്തുള്ള സ്വീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിലും സംസ്ക രിക്കുന്നതാണ് ശബരിമലയിൽ 5 എം.എൽ.ഡിയും, പമ്പയിൽ 1.5 എം.എൽ.ഡി എസ്.റ്റി.പി. പ്ലാൻറി ൻെറയും പമ്പയിൽ കൂടുതലായി 1.5 എം.എൽ;ഡി. എസ്.റ്റി.പി. യുടെ പ്ലാൻറും നിർമ്മിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം നടന്നുവരുന്നു.<br><br>കൂടാതെ, ബജറ്റിൽ പ്രഖ്യാപിച്ച മാലിന്യമുക്ത ശബരിമല എന്ന ആശയം പ്രാവർത്തികമാക്കുന്ന തിനായി, സന്നദ്ധ സംഘടനകളുടെയും കൂടി സഹായത്തോടെ, ശബരിമലയിൽ വ്യാപകമായ ശുചീകരണ-മാലിന്യനിർമ്മാർജ്ജന പരിപാടികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ